# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത 20.03.2015 - ൽ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 2739**

## തളിക്കുളം എ.എം.യു.പി. സ്കൂൾ മാനേജ്മെന്റ് കൈമാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.എ. മാധവൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | ചാവക്കാട് ഉപജില്ലയിൽപ്പെട്ട തളിക്കുളം എ.എം.യു.പി. സ്കൂൾ മാനേജ്മെന്റ് കൈമാറ്റത്തിന് അംഗീകാരം ലഭിക്കുന്നതിനായി 2013 മുതൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിച്ച എഫ്3 - 26385/14 എന്നീ നമ്പർ അപേക്ഷകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (ബി) | തളിക്കുളം എ.എം.യു.പി. സ്കൂൾ മാനേജ്മെന്റ് മാറ്റം സംബന്ധിച്ച അപേക്ഷ പൊതു വിദ്യാഭ്യാസ ഡയറക്ടർ 17.02.2012 - ലെ ഉത്തരവു പ്രകാരം നിരസിക്കുകയുണ്ടായി. തുടർന്ന് ഉടമസ്ഥാവകാശം ഉൾപ്പെടെ സ്കൂൾ മാനേജ്മെന്റ് കൈമാറ്റം സംബന്ധിച്ച് പ്രസ്തുത സ്കൂൾ മാനേജർ ബഹു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ അപേക്ഷ നൽകിയിരുന്നു. പ്രസ്തുത അപേക്ഷ 38465/എഫ്3/2012/പൊ.വി. ഫയലിൽ സർക്കാർ പരിശോധിക്കുകയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്കൂളിന്റെ ഉടമസ്ഥാവകാശത്തോടുകൂടി മാനേജ്മെന്റ് കൈമാറ്റം ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതില്ല എന്ന സുപ്രീം കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ മുൻപ് നൽകിയിരുന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്കുൾ മാനേജരുടെ അപേക്ഷ |

പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കാൻ 29.11.2013 ൽ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

തളിക്കുളം എ.എം.യു.പി. സ്കൂളിന്റെ മാനേജ്മെന്റ് കൈമാറ്റം നിരാകരിച്ചത് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. എം.എൽ.എ. ശ്രീ. പി.എ. മാധവൻ 07.05.2013 ൽ വിദ്യാഭ്യാസ വകുപ്പു മന്ത്രിക്ക് അപേക്ഷ നൽകുകയുണ്ടായി. തുടർന്ന് 13.08.2014 -ലെ സർക്കാർ കത്ത് നം. 26385/എഫ്3/14/പൊ.വി. പ്രകാരം 29.11.2013 - ൽ സർക്കാർ നൽകിയ നിർദ്ദേശ പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് അടിയന്തിരമായി സർക്കാരിൽ ലഭ്യമാക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അപേക്ഷ പുനഃപരിശോധിക്കുന്നതിനുവേണ്ടി മാനേജരുടെ അപേക്ഷ ശുപാർശ ചെയ്ത് അയയ്ക്കുന്നതിനായി വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ 18.09.2014 - ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ബഹു. സുപ്രീം കോടതിയുടെ പുതിയ വിധി പ്രകാരം സ്കൂൾ മാനേജ്മെന്റ് കൈമാറ്റത്തിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ടോ; | (സി) | പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്കൂളിന്റെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിന് മുൻകൂർ അനുവാദം വാങ്ങേണ്ടതില്ല. |
| (ഡി) | പ്രസ്തുത സ്കൂൾ മാനേജ്മെന്റ് കൈമാറ്റം സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശ പ്രകാരം വീണ്ടും ഡി.പി.ഐ. യിൽ നൽകിയ അപേക്ഷ (എഫ്2-2692/15/) പരിഗണിച്ച് നടപടി സ്വീകരിക്കുമോ? | (ഡി) | ഇതു സംബന്ധിച്ചുള്ള നടപടികൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ